**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **29-08-2022 - ൽ മറുപടിയ്ക്ക്**

**കഞ്ചികട്ടയിലെ റെഗുലേറ്റർ കം ബ്രിഡ്ജ് പ്രൊപ്പോസൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രൊപ്പോസൽ നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ടയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതിയുടെ വിശദമായ പദ്ധതിരേഖ **MI3/68/2021-WRD** നമ്പർ ഫയൽ പ്രകാരം **NABARD Tranche-27** ന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന് നൽകുകയും ആയത് ധനകാര്യവകുപ്പ് **30/07/2021**-ലെ **1806711/NC-A1/24/2021-Fin** നമ്പർ കത്ത് പ്രകാരം നബാർഡിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തു. എന്നാൽ നബാർഡ് പ്രസ്തുത പദ്ധതി അംഗീകരിച്ചില്ല. NABARD സ്കീമുകളിൽ കൂടുതൽ ബെനിഫിറ്റ് **(area benefitted/ayacut proposed)** ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആയക്കട്ട് വിസ്തീർണം കൂട്ടികൊണ്ട് പദ്ധതിയുടെ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ കീഴ് കാര്യാലയങ്ങളിൽ സ്വീകരിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന പുതുക്കിയ പ്രൊപ്പോസൽ നബാർഡിന്റെ അടുത്ത **Tranche (NABARD XXVIII)** യിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ; | (ബി) | കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ടയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതിയുടെ വിശദമായ പദ്ധതിരേഖ **MI3/68/2021-WRD** നമ്പർ ഫയൽ പ്രകാരം **NABARD Tranche-27** ന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന് നൽകുകയും ആയത് ധനകാര്യവകുപ്പ് **30/07/2021**-ലെ **1806711/NC-A1/24/2021-Fin** നമ്പർ കത്ത് പ്രകാരം നബാർഡിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തു. എന്നാൽ നബാർഡ് പ്രസ്തുത പദ്ധതി അംഗീകരിച്ചില്ല. NABARD സ്കീമുകളിൽ കൂടുതൽ ബെനിഫിറ്റ് **(area benefitted/ayacut proposed)** |

| | | | |
|---|---|---|---|
| | | | ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആയക്കട്ട് വിസ്തീർണം കൂട്ടികൊണ്ട് പദ്ധതിയുടെ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ കീഴ് കാര്യാലയങ്ങളിൽ സ്വീകരിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന പുതുക്കിയ പ്രൊപ്പോസൽ നബാർഡിന്റെ അടുത്ത **Tranche (NABARD XXVIII)** യിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | നിലവിലുള്ള കാലപ്പഴക്കമുള്ള Salt Water Extrusion Cross Bar (SWECB) ന്റെ സ്ഥാനത്ത് പുതുതായി ഒരു SWECB നിർമ്മിക്കുന്നതിനും, ആവശ്യമായ പുഴയുടെ കര സംരക്ഷണ പ്രവൃത്തികളും പാലത്തിനെ ഇരു കരയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡുകളുടെ നിർമ്മാണവുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | പ്രസ്തുത പ്രവൃത്തി വഴി കടലിൽ നിന്നുള്ള ഉപ്പുവെള്ളം കുമ്പള പുഴയിലേക്ക് കടന്നു കയറുന്നതിനെ തടയാനും അതുവഴി ബംബ്രാണ, കോയിപ്പാടി ഗ്രാമങ്ങളിലെ കൃഷിയുടെ വിളവ് വർദ്ധിക്കുന്നതിനും സഹായമാവുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായ പാലം നിർമ്മിക്കുന്ന തിലൂടെ ബംബ്രാണ, കോയിപ്പാടി വില്ലേജുകളും കുമ്പള ടൗണും തമ്മിലുള്ള കണക്ഷൻ റോഡ് കൂടി നിലവിൽ വരുന്നതോടുകൂടി കർഷകർക്കും പൊതുജനങ്ങൾക്കും ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ